**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 81** **23-08-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് മരണാനന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് വീടും ജീവനോപാധികളും നശിച്ചതിന് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ? | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2016 മേയ് 25 മുതൽ 2022 ഓഗസ്റ്റ് 17 വരെ 7122.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി 597868 പേർക്ക് ചികിത്സാ സഹായമായി 1106,44,33159/-(ആയിരത്തി ഒരുന്നൂറ്റി ആറ് കോടി, നാല്പതിനാല് ലക്ഷത്തി, മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റി അമ്പത്തൊമ്പത്) രൂപ അനുവദിച്ചിട്ടുണ്ട്.കൂടാതെ ഓഖി, പ്രളയം, കോവിഡ്, മറ്റു വകുപ്പുകൾ വഴി നൽകിയ സഹായം എന്നിവ ഉൾപ്പെടെ ആകെ 6541.16 കോടി(ആറായിരത്തി അഞ്ഞൂറ്റി നാൽപത്തിയൊന്ന് കോടി, പതിനാറു ലക്ഷം)രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഇതിൽ എത്ര പേർക്ക് മരണാനന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് വീടും ജീവനോപാധികളും നശിച്ചതിന് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നുമുള്ള ജില്ലതിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ